LAITY VOICE

2016 NOVEMBER Volume: 7 No: 5

# കത്തോലിക്കാ സഭയിൽ വനിതാ പൗരോഹിത്യത്തിനുള്ള സാധ്യത തള്ളി ഫ്രാൻസീസ് മാർപാപ്പ

സ്റ്റോക്ക്ഹോം: കത്തോലിക്കാസഭയിൽ വനിതാ പൗരോഹിത്യത്തിനുള്ള സാധ്യത തള്ളി ഫ്രാൻസീസ് മാർപാപ്പ. ഇക്കാര്യത്തിലുള്ള സഭയുടെ നിലപാട് തന്റെ മുൻഗാമിയും വിശുദ്ധനുമായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശദീകരിച്ചിട്ടുള്ളതാണെന്നും ഇതിൽ ഒരു വ്യത്യാസവും വരുത്തില്ലെന്നും മാർപാപ്പ വ്യക്തമാക്കി. ഔദ്യോഗിക സന്ദർശനത്തിനായി സ്വീഡനിലെത്തിയപ്പോഴാണ് മാർപാപ്പ ഇത്തരമൊരു പ്രഖ്യാപനം നടത്തിയത്. സ്വീഡനിൽ മാർപാപ്പയെ സ്വീകരിക്കാനെത്തിയ സ്വീഡിഷ് സംഘത്തിലെ ലൂഥറൻ സഭയുടെ പ്രതിനിധി വനിതയായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി വരും ദശകങ്ങളിൽ കത്തോലിക്കാ സഭയിലും വനിതാപൗരോഹിത്യം അനുവദിക്കാൻ സാധ്യതയുണ്ടോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് പ്രതികരിക്കവേയാണ് മാർപാപ്പ ഇക്കാര്യം വ്യക്തമാക്കിയത്. കത്തോലിക്കാവിശ്വാസം അനുസരിച്ച് വനിതാപൗരോഹിത്യവുമായി ബന്ധപ്പെട്ട സഭയുടെ നിലപാടുകൾ മാർപാപ്പായുടെ അപ്രമാദിത്വത്തിൽ അധിഷ്ഠിതമാണ്. വനിതാ പൗരോഹിത്യത്തിന് ഒരു സാധ്യതയും കത്തോലിക്കാ സഭയിൽ ഇല്ലേ എന്ന ചോദ്യത്തിന് ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കല്പനയിൽ അങ്ങനെയൊന്നില്ല എന്നായിരുന്നു മാർപാപ്പായുടെ മറുപടി.



## നികുതിരഹിത കാർഷിക ഇറക്കുമതിക്കെതിരെ കർഷകസംഘടനകൾ;

# കാർഷികമേഖലയ്ക്ക് വെല്ലുവിളിയുയർത്തുന്ന രാജ്യാന്തര കരാറുകളിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറുക

വൻ പ്രതിസന്ധിയിലായിരിക്കുന്ന ഇന്ത്യയുടെ കാർഷികമേഖലയെ നികുതിരഹിത കാർഷികോല്പന്ന ഇറക്കുമതിക്കും ആഗോളവിപണിക്കുമായി തുറന്നുകൊടുക്കുന്ന പുത്തൻ രാജ്യാന്തര സാമ്പത്തിക കരാറിനെതിരെ പ്രതിഷേധവുമായി കർഷക സംഘടനകൾ രംഗത്ത്. ചൈനയുടെയും ആസിയാൻ രാജ്യങ്ങളുടെയും നേതൃത്വത്തിലുള്ള സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി(റീജണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ണർഷിപ്പ്)യിൽ പങ്കാളിയാകാനുള്ള ഇന്ത്യയുടെ നീക്കം ആത്മഹത്യാപരമാണെന്നും ഇതിനെതിരെ ഇൻഫാമിന്റെയും വിവിധ കർഷകസംഘടനകളുടെ ഐക്യവേദിയായ ദ പീപ്പിളിന്റെയും നേതൃത്വത്തിൽ കർഷകപ്രക്ഷോഭമാരംഭിക്കും. ഗാട്ട്, ആസിയാൻ ഉമ്പടി പ്രകാരമുള്ള അനിയന്ത്രിതമായ ഇറക്കുമതിമൂലം കാർഷികമേഖലയ്ക്കേറ്റ വൻ




പ്രഹരമാണ് ഇപ്പോഴുള്ള കാർഷികത്തകർച്ചയുടെ പ്രധാന കാരണം. പത്ത് ആസിയാൻ രാജ്യങ്ങളും ഇന്ത്യ, ചൈന, ജപ്പാൻ, സൗത്ത് കൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് ഉൾപ്പെടെ 16 രാജ്യങ്ങളുടെ കൂട്ടായ്മ വ്യാപാരവിപണിയിൽ പസഫിക്-ഏഷ്യ ഒറ്റക്കമ്പോളമായി മാറുന്നതും, നികുതിരഹിത ഇറക്കുമതിയും, ഇന്ത്യൻ കാർഷികമേഖലയിൽ രാജ്യാന്തര ഇടപെടലുകൾ ശക്തമാക്കും. കൂടാതെ അമേരിക്കയുടെ നേതൃത്വത്തിലുള്ള ട്രാൻസ് പസഫിക് പാർട്ട്ണർഷിപ്പും ഇന്ത്യൻ കാർഷികമേഖലയ്ക്ക് വൻ വെല്ലുവിളിയുയർത്തും.

യുപിഎ സർക്കാർ ആരംഭം കുറിച്ച ആർ.സി.ഇ.പി.കരാർ ചർച്ചകൾ 15 റൗണ്ടുകൾ ഇതിനോടകം പൂർത്തിയാക്കി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന രണ്ട് റൗണ്ട് ചർച്ചകൾക്കുശേഷം 2017 ജനുവരിയിൽ ഉടമ്പടിയാക്കുവാനാണ് നീക്കം. ചർച്ചകളുടെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ രഹസ്യമാക്കിവെച്ചിരിക്കുന്നതിൽ ദുരൂഹതകളുണ്ട്. പൊതുസമൂഹത്തിന്റെ പഠനത്തിനും നിർദ്ദേശങ്ങൾക്കുമായി അവ പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറാകണം.

കർഷക ഐക്യവേദിയായ ദ പീപ്പിളിന്റെ സംസ്ഥാന നേതൃസമിതി നവംബർ 18ന് ചേർന്ന് പുത്തൻ കരാറിനെതിരെ പ്രക്ഷോഭപരിപാടികൾക്ക് രൂപം നൽകും.

എഡിറ്റോറിയൽ

# കർഷകന് ഇരുട്ടടിയായ് റബർ നയം അണിയറയിൽ

കേന്ദ്ര സർക്കാർ ദേശീയ റബർ നയം പ്രഖ്യാപിക്കാനൊരുങ്ങുമ്പോൾ കർഷകരുടെയിടയിൽ കൂടുതൽ ആശങ്കകളും സന്ദേഹങ്ങളുമുയരുന്നു. വിലത്തകർച്ചയിൽ ജീവിതം വഴിമുട്ടിനിൽക്കുന്ന കർഷകന് കൈത്താങ്ങാവാൻ പുത്തൻ റബർ നയത്തിനാകുമോ? വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഭരണരാഷ്ട്രീയ നേതൃത്വങ്ങളുടെ സ്ഥിരം അജണ്ടകളുടെ ആവർത്തനമായി

**കർഷകന്റെ ആശങ്കകളെ നിരന്തരം അവഗണിക്കുന്ന അധികാരവർഗ്ഗത്തിന്റെ നിഷേധ നിലപാടുകൾ റബർ നയത്തിലുമുണ്ടാകുമെന്ന് ഏതാണ്ട് ഉറപ്പായിരിക്കുന്നു. കാരണം ഇന്ത്യ ഏർപ്പെടാനൊരുങ്ങുന്ന അന്താരാഷ്ട്ര കരാറുകൾ ആ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. നികുതിരഹിത ഇറക്കുമതിയിലൂടെ വ്യവസായ മേഖലയുടെ മാത്രം വളർച്ച ലക്ഷ്യംവെയ്ക്കുന്ന കേന്ദ്ര സർക്കാർ അജണ്ടകൾ റബറുൾപ്പെടെ കാർഷികമേഖലയ്ക്ക് വീണ്ടും കൂടുതൽ വെല്ലുവിളി ഉയർത്തുമെന്ന് ഉറപ്പായിരിക്കുന്നു.**

ദേശീയ റബർനയം മാറുമോ? ഗാട്ടിന്റെ തുടർച്ചയായ ലോകവ്യാപാരസംഘടനയിലെ കരാറുകളും ആസിയാൻ കരാറുകളും വലിഞ്ഞുമുറുക്കി കശക്കിയെറിഞ്ഞിരിക്കുന്ന സ്വാഭാവിക റബറിന്റെ ഉല്പാദന മേഖലയ്ക്ക് വീണ്ടും ഇരുട്ടടിയായി അനിയന്ത്രിത ഇറക്കുമതിക്ക് ആക്കംകൂട്ടുവാൻ റബർനയം വഴിതുറക്കുമോ? കർഷകന്റെ ആശങ്കകളെ നിരന്തരം അവഗണിക്കുന്ന അധികാരവർഗ്ഗത്തിന്റെ നിഷേധനിലപാടുകൾ റബർ നയത്തിലുമുണ്ടാകുമെന്ന് ഏതാണ്ട് ഉറപ്പായിരിക്കുന്നു. കാരണം ഇന്ത്യ ഏർപ്പെടാനൊരുങ്ങുന്ന അന്താരാഷ്ട്ര കരാറുകൾ ആ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. **നികുതിരഹിത ഇറക്കുമതിയിലൂടെ വ്യവസായമേഖലയുടെ മാത്രം വളർച്ച ലക്ഷ്യംവെയ്ക്കുന്ന കേന്ദ്ര സർക്കാർ അജണ്ടകൾ റബറുൾപ്പെടെ കാർഷികമേഖലയ്ക്ക് വീണ്ടും കൂടുതൽ വെല്ലുവിളിയുയർത്തുമെന്ന് ഉറപ്പായിരിക്കുന്നു.**

ഉല്പാദനം, വിപണനം, കയറ്റുമതി, ഉല്പന്നങ്ങൾ എന്നീ ഒട്ടേറെ റബർ സംബന്ധിത വിഷയങ്ങൾ കരടുനയത്തിൽ പരാമർശിക്കുന്നുണ്ട്. **പ്രകൃതിദത്ത റബറും, സിന്തറ്റിക് റബറും, പുനരുദ്ധരിക്കപ്പെട്ട റബറും നയത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. റബറുല്പാദന വർദ്ധനവിനായി റബർകൃഷിയുടെ വ്യാപനവും, സംരക്ഷണത്തിനായി വിള ഇൻഷ്വറൻസും, ആവർത്തനകൃഷിക്കുള്ള ധനസഹായം വർദ്ധിപ്പിക്കലും റബർ നയത്തിലെ മുഖ്യവിഷയങ്ങൾ തന്നെ.**

2014 ജൂൺ 16ന് ദേശീയ റബർനയം രൂപീകരിക്കാനുള്ള വിദഗ്ദ്ധസമിതിയെ പ്രഖ്യാപിച്ചുള്ള ഓഫീസ് മെമ്മോറാണ്ടം കേന്ദ്ര വാണിജ്യമന്ത്രാലയം പുറപ്പെടുവിച്ചു. 24 അംഗ സമിതിയുടെ ചെയർമാൻ കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ പ്ലാന്റേഷൻ അഡീഷണൽ സെക്രട്ടറിയാണ്. റബർബോർഡ് നിശ്ചയിക്കുന്ന പ്രകൃതിദത്ത റബർ കർഷകരുടെ രണ്ടു പ്രതിനിധികളെയും സമിതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥ കർഷകരുടെയോ കർഷകസംഘടനകളുടെയോ പ്രതിനിധികൾ റബർ നയം രൂപീകരിക്കുന്ന സമിതികളിലോ ചർച്ചകളിലോ ഇല്ലന്നുള്ളത്



സർക്കാർ സംവിധാനങ്ങളുടെ കർഷകവിരുദ്ധ നിലപാടാണ് വ്യക്തമാക്കുന്നത്.

വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്കും ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് 9 സുപ്രധാനമായ വിഷയങ്ങളാണ്.

1). പ്രകൃതിദത്തറബർ, സിന്തറ്റിക് റബർ, പുനരുദ്ധരിക്കപ്പെട്ട റബർ, റബർ ഉല്പന്നങ്ങൾ, എന്നിവയുടെ ഇന്ത്യൻ റബർ വ്യവസായമേഖലയിലെ വളർച്ചയും ഇപ്പോഴത്തെ അവസ്ഥയും വിലയിരുത്തപ്പെടുക.

2). രാജ്യത്ത് ആവശ്യമുള്ളതും ലഭ്യവുമായ വിവിധതരം റബറിനെ വിലയിരുത്തി റബറുല്പന്നങ്ങളുടെ അടുത്ത പത്തുവർഷത്തേയ്ക്കുള്ള ആവശ്യകതയും കയറ്റുമതിസാധ്യതകളും നിർദ്ദേശിക്കുക.

3). വിവിധ റബർ വിഭാഗങ്ങളുടെയും ടയർ, ടയറിതര ഉല്പന്നങ്ങളുടെയും ഉല്പാദന വിപണന മേഖലകളിലെ അവസരങ്ങളും വെല്ലുവിളികളും വേർതിരിച്ചെടുക്കുക.

4). വർദ്ധിച്ച റബർഇറക്കുമതിയും വിലയിടിവുംമൂലം കർഷകർക്കിടയിൽ നിലനിൽക്കുന്ന ആശങ്കകൾ വിലയിരുത്തുക.

5). നിലവിലുള്ള റബർ സംഭരണം, വിപണനം, പ്രകൃതിദത്ത റബറിന്റെ ഇറക്കുമതി എന്നിവ വിലയിരുത്തി റബർ ഉല്പാദകരുടെ ഉല്പാദനമേഖലയിലുള്ള പ്രവചനാതീതമായ വെല്ലുവിളികളും വിലയിലുള്ള മാറ്റങ്ങളും അതിജീവിക്കാനുള്ള നയരൂപീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

6). നിലവിലുള്ള ഗവൺമെന്റ് നയങ്ങളുടെയും പരിപാടികളുടെയും അടിസ്ഥാനത്തിൽ റബർകൃഷി വ്യാപനത്തിനും ഇതുവഴിയുള്ള ഉല്പാദന വർദ്ധനവിനുമുതകുന്ന

നിർദ്ദേശങ്ങൾ സമർപ്പിക്കുക.

7). റബർ കൃഷി പ്രോത്സാഹനത്തിന് കേന്ദ്ര സംസ്ഥാന സർക്കാർ തലങ്ങളിൽ നടപ്പിലാക്കേണ്ട വികസനപദ്ധതികൾക്ക് രൂപം നൽകുക.

8). പ്രകൃതിദത്തറബറിന്റെ ഉല്പാദനവർദ്ധനവിനും റബർ വ്യവസായത്തിന്റെ മത്സരക്ഷമതയ്ക്കുമായി നൽകുന്ന ആനുകൂല്യങ്ങൾ, നികുതികൾ, വിദേശവ്യാപാര ലൈസൻസുകൾ തുടങ്ങി വിവിധ നിയമപരമായ കാര്യങ്ങൾ റബർ നയത്തിൽ ഉൾപ്പെടുത്തുക.

9). റബർ ഉല്പാദകർക്കും, റബർ മേഖലയിലെ ജീവനക്കാർക്കുമുള്ള വിവിധ ക്ഷേമപദ്ധതികൾ നിർദ്ദേശിക്കുക. ഇവയെല്ലാമാണ് കേന്ദ്ര വാണിജ്യമന്ത്രാലയം വിദഗ്ദ്ധസമിതിക്ക് നൽകിയ "ടേംസ് ഓഫ് റഫറൻസ്".

മേൽ സൂചിപ്പിച്ച ടേംസ് ഓഫ് റഫറൻസിന്റെയടിസ്ഥാനത്തിൽ ഇതിനോടകം രൂപപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ റബർ വ്യവസായത്തിന് കരുത്തുപകരുമെങ്കിലും കർഷകന് ഇരുട്ടടിയാകുമെന്നാണ് ലഭ്യമായ സൂചന. റബർനയ രൂപീകരണ സമിതിയുടെ കണ്ടെത്തലുകളോടൊപ്പം 2015 ഡിസംബർ 24ന് ഡോ.ചന്ദൻമിത്ര ചെയർമാനായ 41 അംഗ കേന്ദ്രവ്യാപാര മന്ത്രാലയം പാർലമെന്റ് സ്ഥിരസമിതി സമർപ്പിച്ച റിപ്പോർട്ടും റബർനയ രൂപീകരണത്തിൽ പരിഗണിക്കേണ്ടതാണ്.

**റബർ വിലയിടിവിന് അടിയന്തര പരിഹാരമുണ്ടാകുന്നില്ലെങ്കിൽ കർഷകർ റബർകൃഷി ഉപേക്ഷിക്കുമെന്ന മുന്നറിയിപ്പ് സ്ഥിരസമിതി സമർപ്പിച്ചിട്ട് പത്ത് മാസങ്ങൾ പിന്നിട്ടിട്ടും കേന്ദ്രസർക്കാർ മുഖംതിരിഞ്ഞു നിൽക്കുന്നു.** പാർലമെന്റ് സമിതി ചൂണ്ടിക്കാണിച്ച മറ്റു ചില വിഷയങ്ങളും റബർനയരൂപീകരണത്തിൽ പ്രസക്തങ്ങളാണ്. റബർ ആവർത്തനകൃഷിക്കുള്ള സബ്സിഡി ഗണ്യമായി വർദ്ധിപ്പിക്കുക, ഇറക്കുമതി കർശനമായി നിയന്ത്രിക്കുക, റബർത്തടിയെ കാർഷികോല്പന്നമായി കണക്കാക്കുക, ആഭ്യന്തരഉപഭോഗവും ഉല്പാദനവും തമ്മിലുള്ള വിടവിന് ആനുപാതികമായി മാത്രമേ റബർ ഇറക്കുമതി അനുവദിക്കാവൂ. റബർ ഉല്പാദനം ഉയർന്നുനിൽക്കുന്ന മാസങ്ങളിൽ ഇറക്കുമതി പാടില്ല, തുടങ്ങിയ പാർലമെന്റ് സമിതിയുടെ നിർദ്ദേശങ്ങൾ റബർനയത്തിൽ ഇടംപിടിച്ചാൽ മാത്രമേ കർഷകന് അല്പമെങ്കിലും നേട്ടമുണ്ടാകൂ.

**റബർ ആവർത്തനകൃഷിക്കുള്ള സഹായധനം തായ്‌ലണ്ടിൽ ഹെക്ടറിന് 1,32,000 രൂപയാണ്. മലേഷ്യയിൽ പരമ്പരാഗതമേഖലയിൽ 1,76,000 രൂപയും അല്ലാത്തയിടങ്ങളിൽ 2,64,000 രൂപയുമാണ്. ഇന്ത്യയിലാകട്ടെ പരമ്പരാഗതമേഖലയിൽ 26,000 രൂപയും അല്ലാത്ത സ്ഥലങ്ങളിൽ 35,000 രൂപയും. റബർ കൃഷിയോടുള്ള അധികാരകേന്ദ്രങ്ങളുടെ നിഷേധനിലപാടിന് ഇതിൽപരം മറ്റൊരുദാഹരണമെന്തിന്?** സഹായധനം വർദ്ധിപ്പിച്ചതുകൊണ്ട് റബർകൃഷി വ്യാപിക്കുമെന്നോ ഉല്പാദനം കൂടുമെന്നോ ഇപ്പോഴത്തെ സ്ഥിതിയിൽ പ്രതീക്ഷിക്കാനാവില്ല. മറിച്ച് ഉല്പാദനച്ചെലവിന് ആനുപാതികമായി വിപണിയിൽ വിലയുണ്ടാകണം. ഉല്പാദനച്ചെലവ് കണക്കാക്കുന്നതിന് ദേശീയ മാനദണ്ഡം നിശ്ചയിച്ചാൽ കേരളത്തിലെ കർഷകന് ഇരുട്ടടിയാകും.

തൊഴിലാളികൾക്കുള്ള കൂലിയിലടക്കം വലിയ അന്തരമാണ് വിവിധ റബർ ഉല്പാദക സംസ്ഥാനങ്ങളിലുള്ളത്. മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ ഉയർന്ന ടാപ്പിംഗ്കൂലിയാണ് കേരളത്തിൽ നൽകിവരുന്നത്. എന്നാൽ കേരളത്തിലെ ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രം ദേശീയാടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കാനാവില്ലെന്നതാണ് കേന്ദ്രനിലപാട്. കേരളത്തെ അപേക്ഷിച്ചു മൂന്നിലൊന്നു മാത്രമാണ് ത്രിപുരയിലെ കൂലി. മറ്റു റബർ ഉല്പാദക സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിലും കൂലി കുറവാണ്. ഇത് ഉല്പാദനച്ചെലവും ഗണ്യമായി കുറയ്ക്കുന്നു. **ഇന്ത്യയിലെ ആഭ്യന്തര റബറുല്പാദനത്തിന്റെ 90 ശതമാനവും നിലവിൽ കേരളത്തിലാണെന്നിരിക്കെ കേരളത്തിലെ ഉല്പാദനച്ചെലവ് അടിസ്ഥാനമാക്കി ദേശീയ ഉല്പാദനച്ചെലവ് കണക്കാക്കാതെ റബറിന് ന്യായവില നിശ്ചയിച്ചാൽ തിരിച്ചടിയാകുമെന്നു കർഷകർ ഭയപ്പെടുന്നുണ്ട്.**

ഒരു പതിറ്റാണ്ടിനുള്ളിൽ റബർ കൃഷിയുടെ ആഗോള വിസ്തൃതിയിലും ഉല്പാദനത്തിലുമുണ്ടായ വളർച്ചയെ റബർനയരൂപീകരണത്തിൽ കണ്ടില്ലെന്നു നടിക്കരുത്. ഇന്ത്യ കൂടാതെ തായ്‌ലണ്ട്, ഇന്തോനേഷ്യ, മലേഷ്യ, വിയറ്റ്നാം, ചൈന, ഫിലിപ്പൈൻസ്, ഐവറി കോസ്റ്റ്, നൈജീരിയ, കംബോഡിയ, ലാവോസ്, ശ്രീലങ്ക .എന്നീ രാജ്യങ്ങളിൽ റബർ കൃഷിയുടെ വിസ്തൃതിയിലും ഉല്പാദന



ത്തിലും ചുരുങ്ങിയ നാളുകൾക്കുള്ളിൽ വൻ മുന്നേറ്റമാണുണ്ടായിരിക്കുന്നത്. ഈ രാജ്യങ്ങളിൽ ഉല്പാദനച്ചെലവും വളരെ കുറവാണ്. **അതിലുപരി ഇന്ത്യയിലെ പ്രമുഖ ടയർ, റബറുല്പന്ന കമ്പനികൾക്കും മേൽ സൂചിപ്പിച്ച രാജ്യങ്ങളിലായി സ്വന്തമായി കൃഷിയിടങ്ങളുമുണ്ട്. ആസിയാൻ അംഗരാജ്യമായ ലാവോസിൽ 2010 മുതൽ 10,000 ഹെക്ടർ സ്ഥലത്താണ് ഇൻഡ്യയിലെ ഒരു പ്രമുഖ ടയർ കമ്പനിക്ക് റബർ കൃഷി. ടാപ്പിംഗിനാകട്ടെ 300 റബർ മരത്തിന് ഒരു ഡോളർ ചെലവും. ശ്രീലങ്കയിലിത് 125 രൂപ മാത്രം. കംബോഡിയയിലും വിയറ്റ്നാമിലും മലേഷ്യയിലും തായ്‌ലണ്ടിലും സൗത്താഫ്രിക്കയിലും ഇന്ത്യൻ കമ്പനികൾ സ്ഥലം പാട്ടത്തിനെടുത്ത് റബർകൃഷി നടത്തുമ്പോൾ ഈ രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യൻ വ്യവസായികളുടെ റബർ ഇറക്കുമതി നിരോധിക്കുവാനോ നിയന്ത്രിക്കുവാനോ കേന്ദ്രസർക്കാർ പുത്തൻ റബർ നയത്തിലൂടെ തയ്യാറാകുമോ?**

കർഷകരിൽ നിന്ന് റബർ വിലയിടിവിന്റെ സമയത്ത് ഇരട്ടിവിലയ്ക്ക് ഗവൺമെന്റ് സംഭരിച്ച വൻ റബർ സ്റ്റോക്ക് വിറ്റഴിക്കുന്നതിന്റെ ഭാഗമായി ആഗോളവിപണിയിലേയ്ക്ക് തായ്‌ലണ്ട് സർക്കാർ നേരിട്ടിറങ്ങിയിരിക്കുന്നു. കൂടാതെ ഇന്ത്യയിലെ വ്യവസായികൾക്ക് തായ്‌ലണ്ടിൽ റബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ സൗജന്യമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുമുണ്ട്. വരുംനാളുകളിൽ ഇന്ത്യൻ വ്യവസായികൾ തായ്‌ലണ്ട് ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽ ടയറുൾപ്പെടെ റബറുല്പന്നങ്ങൾ നിർമ്മിച്ച് സ്വതന്ത്ര വ്യാപാരക്കരാറുകളുടെ പിൻബലത്തിൽ

നികുതിയില്ലാതെ ഇറക്കുമതി ചെയ്യുമെന്ന് ഉറപ്പാണ്. മലേഷ്യയിൽ നിന്നും ഇന്ത്യ-മലേഷ്യ ഉഭയകക്ഷി കരാറുപ്രകാരം വിവിധ റബറധിഷ്ഠിത ഉല്പന്നങ്ങളുടെ ഇറക്കുമതിത്തീരുവ പരിപൂർണ്ണമായി എടുത്തുകളഞ്ഞു. ലോക വ്യാപാരക്കരാറിൽ ബൗണ്ട് റേറ്റായി പ്രഖ്യാപിച്ചിരിക്കുന്ന പ്രകൃതിദത്ത അസംസ്കൃത റബറിന്റെ 25ശതമാനം ഇറക്കുമതിച്ചുങ്കം സംയുക്ത കരാറിലൂടെ എടുത്തുമാറ്റാവുന്നതാണ്. 25ശതമാനത്തിൽ നിന്ന് ഇറക്കുമതി നികുതി പൂജ്യത്തിൽ കൊണ്ടുവരുന്നതിന് അംഗരാഷ്ട്രങ്ങളുടെ അംഗീകാരം ആവശ്യമില്ല. **വരുംനാളുകളിൽ പ്രകൃതിദത്ത റബറിന്റെ നികുതിരഹിത ഇറക്കുമതി ഉറപ്പാണ്. ഇവയെല്ലാം ആഭ്യന്തരവിപണിയിൽ ഇനിയും വിലത്തകർച്ചയ്ക്കിടനല്കും. ഇതിനെ അതിജീവിക്കുന്ന റബർനയം നടപ്പിലാക്കുന്നില്ലെങ്കിൽ കർഷകരുടെ അവസ്ഥ വീണ്ടും ദുരിതപൂർണ്ണമാകും.**

കേന്ദ്രസർക്കാർ പ്രഖ്യാപിക്കാനൊരുങ്ങുന്ന റബർ നയം ഫലം കാണണമെങ്കിൽ റബർ വിപണി സജീവമാകണം. റബറുല്പാദകന് ന്യായവില ലഭിക്കുകയും വേണം. അതു സാധ്യമാകുന്നില്ലെങ്കിൽ റബർ നയം വ്യവസായികളുടെ താല്പര്യസംരക്ഷണത്തിനേ ഉപകരിക്കൂ. **സർക്കാരോ റബർബോർഡോ അല്ല, ഇന്ത്യയുടെ ആഭ്യന്തരവിപണിയിൽ സ്വാഭാവിക റബറിന്റെ വില നിശ്ചയിക്കുന്നത്. മറിച്ച് വ്യവസായികളാണ്. ഒരേ സമയം അസംസ്കൃതവസ്തുവിന്റെയും അതുമൂലം ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങളുടെയും വിലനിശ്ചയിക്കുന്നത് ഒരു കൂട്ടർ മാത്രമാകുന്ന വ്യവസ്ഥിതിയ്ക്കൊരു പൊളിച്ചെഴുത്ത് റബർ നയത്തിലുണ്ടാകണം.** വിവിധ റബറുല്പാദന രാജ്യങ്ങളിൽ അസംസ്കൃത റബറിന്റെ വില ഓരോ ദിവസവും നിശ്ചയിച്ച് പ്രഖ്യാപിക്കുന്നത് സർക്കാരാണ്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റബർബോർഡ് ഓരോ ദിവസവും പ്രഖ്യാപിക്കുന്ന വിലയ്ക്കനുസരിച്ച് വിപണനം നടക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. പകരം വ്യാപാരിവിലയ്ക്കുമാത്രമാണ് കർഷകർക്ക് റബർ വില്പന സാധ്യമാകുന്നത്. റബർ ആക്ട് പതിമൂന്നാം വകുപ്പ് പ്രകാരം റബറിന് അടിസ്ഥാനവില പ്രഖ്യാപിച്ച് റബർ സംഭരണത്തിന് കേന്ദ്രസർക്കാർ പുത്തൻ റബർ നയത്തിലൂടെ ശ്രമിക്കണം.

**റബർ നയം വന്നാൽ കർഷകൻ രക്ഷപെടുമെന്ന് നിഷ്പക്ഷ താല്പര്യമുള്ള ചില കേന്ദ്രങ്ങൾ നടത്തുന്ന ബോധപൂർവ്വമായ പ്രചാരണത്തിന്റെ പൊള്ളത്തരം കർഷകർ തിരിച്ചറിയണം. കർഷകന് ഒന്നുറപ്പിക്കാം; 'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽതന്നെ.**

ക്രൂഡോയിൽ വില, റബറിന്റെ രാജ്യാന്തരവില, സിന്തറ്റിക് റബർ, ഇറക്കുമതിച്ചുങ്കം, തുറമുഖനിയന്ത്രണം ഇവയെല്ലാം സ്വാഭാവിക റബറിന്റെ ആഭ്യന്തര വിപണിവിലയെ സ്വാധീനിക്കുന്നുവെന്നാണ് പരക്കെ പറയപ്പെടുന്നത്. എന്നാൽ രാജ്യാന്തര റബർ വില ഒക്ടോബർ 1ന് കിലോഗ്രാമിന് 106 രൂപയായിരുന്നത് ഒക്ടോബർ 20ന് 113 രൂപയായി വർദ്ധിച്ചു. ഒക്ടോബർ 20ന് ആഭ്യന്തരവിപണിയിലെ റബർബോർഡ് വില കിലോഗ്രാമിന് 116ഉം വ്യാപാരിവില 113 ഉം ആണ്. **രാജ്യാന്തരവില ഉയർന്നിട്ടും ആഭ്യന്തര വില ഇടിഞ്ഞ് ആഭ്യന്തരവിലയും രാജ്യാന്തരവിലയും തുല്യമായി മാറിയിരിക്കുമ്പോൾ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന 25 ശതമാനം ഇറക്കുമതിച്ചുങ്കവും 6 ശതമാനം സെസ്സും അപ്രസക്തമാകും. ഈയവസ്ഥയിൽ റബർനയംകൊണ്ട് കർഷകന് എന്തുനേട്ടം?**

ഏതൊരുല്പന്നത്തിന്റെയും ലഭ്യതകുറയുമ്പോൾ വില ഉയരുകയെന്നത് അടിസ്ഥാന ധനതത്വശാസ്ത്രമാണ്. സ്വാഭാവിക റബറിന്റെ കാര്യത്തിലാകട്ടെ ഉല്പാദനം കുറയുമ്പോൾ വീണ്ടും വിലയിടിച്ച് ഇറക്കുമതി വർദ്ധിപ്പിക്കുന്നു. അനിയന്ത്രിത ഇറക്കുമതി ആഭ്യന്തര കമ്പോളത്തെ തകർക്കുകയും കർഷകരെ ജീവിതപ്രതിസന്ധിയിലാക്കുകയും ചെയ്യുന്നെങ്കിൽ ആന്റി ഡമ്പിംഗ് ഡ്യൂട്ടിയും സംരക്ഷിതച്ചുങ്കവും ഏർപ്പെടുത്തി ഇറക്കുമതി നിയന്ത്രിക്കുവാൻ ലോകവ്യാപാരക്കരാറിൽ വകുപ്പുകളുണ്ട്. എന്നാൽ 12 ലക്ഷം കർഷകരെ അവഗണിച്ച് വ്യവസായ സാമ്പത്തിക



വളർച്ച ലക്ഷ്യംവെച്ച് കേന്ദ്രസർക്കാർ വൻ ഇറക്കുമതിക്ക് കുടപിടിക്കുമ്പോൾ വരാൻപോകുന്ന റബർനയമെങ്ങനെ കർഷകന് ഗുണംചെയ്യും?

ഗാട്ട്, ആസിയാൻ കരാറുകൾക്കുശേഷം ഇന്ത്യ ഏർപ്പെടാനൊരുങ്ങുന്ന റീജണൽ സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി അഥവാ റീജണൽ കോപ്രിഹെൻസീവ് എക്കണോമിക്ക് പാർട്ട്ണർഷിപ്പ് എന്ന പുത്തൻ കരാറിൽ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് 2016 ഡിസംബറിൽ ഇന്ത്യ ഒപ്പുവെയ്ക്കുകയും 2017 ജനുവരി മുതൽ തുടർനടപടികളുണ്ടാകുകയും ചെയ്യും. ഇന്ത്യയും പത്ത് ആസിയാൻ രാജ്യങ്ങളുൾപ്പെടെ പതിനാറ് രാജ്യങ്ങളുടെ സ്വതന്ത്രവ്യാപാരമേഖല ഏതാനും മാസങ്ങൾക്കുള്ളിൽ തുറക്കുകയാണ്. നിലവിലുള്ള ഇറക്കുമതിച്ചുങ്കങ്ങളെല്ലാം പരിപൂർണ്ണമായി എടുത്തുകളഞ്ഞ് നികുതിരഹിത ഇറക്കുമതി അംഗീകരിക്കപ്പെടുകയും ആഗോളകമ്പോളമായി ഇന്ത്യ മാറുകയും ചെയ്യുമ്പോൾ കേന്ദ്രസർക്കാർ പ്രഖ്യാപിക്കാനൊരുങ്ങുന്ന റബർനയം പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണമാകും.

റബർ നയം വന്നാൽ കർഷകൻ രക്ഷപെടുമെന്ന് നിഷ്പക്ഷ താല്പര്യമുള്ള ചില കേന്ദ്രങ്ങൾ നടത്തുന്ന ബോധപൂർവ്വമായ പ്രചാരണത്തിന്റെ പൊള്ളത്തരം കർഷകർ തിരിച്ചറിയണം. കർഷകന് ഒന്നുറപ്പിക്കാം; 'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽതന്നെ.' സർക്കാരുകൾ മാറിമാറി ഭരിച്ചാലും നയങ്ങൾ പ്രഖ്യാപിച്ചാലും നടപടികൾ പൊളിച്ചെഴുതിയാലും അസംഘടിത കർഷകർക്ക് വരുംദിനങ്ങൾ കഷ്ടദിനങ്ങളായിരിക്കും.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ



*പ്രൊ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ നടക്കുന്ന കാരുണ്യസമാധാന സന്ദേശ യാത്ര കണ്ണൂർ രൂപതാധ്യക്ഷൻ മാർ അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യുന്നു. രതീഷ് ആന്റണി, ആന്റണി നെറോണ, ഫാ.പോൾ മാടശേരി, ഫാ. ജോൺസൺ പൈനാടത്ത്, ഫാ.ജസ്റ്റിൻ എടത്തിൽ, സിസ്റ്റർ മേരി ജോർജ് എഫ്സിസി, സാബു ജോസ്, ഫാ.ജേക്കബ് വിജേഷ് കനാരി, സെലസ്റ്റിൻ ജോൺ എന്നിവർ സമീപം.*

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ സ്മരണ പുതുക്കി ആയിരങ്ങൾ

എടത്വ: ഭക്തിമാർഗവും കർമമാർഗവും സമന്വയിപ്പിച്ച വലിയ വ്യക്തിത്വമായിരുന്നു ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റേതെന്നു ഇൻഫാം സെക്രട്ടറി ജനറൽ ഷെവലിയർ വി.സി. സെബാസ്റ്റ്യൻ. എടത്വ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ ദൈവദാസൻ കേരള അസീസി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 108-ാം ചരമവാർഷികാചരണ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഊണും ഉറക്കവും ഉപേക്ഷിച്ചു നാട്ടിലുടനീളം സഞ്ചരിച്ചു പ്രവർത്തിച്ച, സഭയുടെ ധീരപ്രേഷിതനായിരുന്ന തൊമ്മച്ചൻ വിശ്വാസത്തിനുവേണ്ടി നിലകൊണ്ട വ്യക്തിയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

നാമകരണ വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ അനറ്റ് ചാലങ്ങാടി അധ്യക്ഷത വഹിച്ചു. വികാരി ഫാ.ജോൺ മണക്കുന്നേൽ, പ്രഫ.മാത്യു ജോർജ് വെള്ളാപള്ളിപുരയ്ക്കൽ, പ്രഫ.ജെറോം, ഫ്രാൻസിസ് തട്ടുപുരയ്ക്കൽ, ചാക്കോച്ചൻ കന്നയിൽ, ഡോ.ജോച്ചൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.



*എടത്വ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ ദൈവദാസൻ കേരള അസീസി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 108-ാം ചരമവാർഷികാചരണ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് ഇൻഫാം സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ സംസാരിക്കുന്നു.*

# പരിസ്ഥിതിലോലം-രാഷ്ട്രീയ നേതൃത്വങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു: ഇൻഫാം

തൊടുപുഴ: പരിസ്ഥിതിലോലം സംബന്ധിച്ച വസ്തുതകൾ വളച്ചൊടിച്ചും ദുർവ്യാഖ്യാനം ചെയ്തും രാഷ്ട്രീയ നേട്ടത്തിനായി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് തെരുവിലിറക്കുന്നത് തെറ്റായ നടപടിയാണെന്നും ക്വാറി ഖനന മാഫിയകളുടെ സംരക്ഷകരാകുവാൻ കർഷകരുൾപ്പെടെയുള്ള ജനസമൂഹത്തെ കിട്ടില്ലെന്നും ഇൻഫാം ദേശീയ സമിതി സൂചിപ്പിച്ചു.

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന എസ്കെജി ഗ്രാനൈറ്റ് ക്വാറീസ് എന്ന പാറഖനന സ്ഥാപനത്തിന്റെ കേസിൽ കേരളത്തിലെ 123 വില്ലേജുകൾ പരിസ്ഥിതിലോലമായി സംസ്ഥാന സർക്കാർ കോടതിയിൽ സത്യവാങ്മൂലം നൽകിയെന്ന് ആക്ഷേപമുയർത്തിയാണ് ചിലർ പ്രക്ഷോഭത്തിനിറങ്ങിയിരിക്കുന്നത്. ഇഎസ്എയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സാഹചര്യങ്ങളുടെ വസ്തുതാവിവര റിപ്പോർട്ടാണ് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ചത്. ഈ റിപ്പോർട്ടിൽ കേരളത്തിലെ 123 പരിസ്ഥിതിലോലവില്ലേജുകളെക്കുറിച്ച് 2013 നവംബർ 13ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമം 1986 അഞ്ചാം വകുപ്പനുസരിച്ച് ഇറക്കിയ ഉത്തരവും വ്യക്തമാക്കിയിട്ടുണ്ട്. 2013 നവംബർ 13ലെ വിജ്ഞാപനപ്രകാരം ഖനനം നിരോധിച്ചിട്ടുള്ള പ്രദേശത്താണ് അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതെന്നും അന്തിമ വിജ്ഞാപനം വരുന്നതുവരെയോ കേന്ദ്രതീരുമാനം ഉണ്ടാകുന്നതുവരെയോ ഈ പ്രദേശത്തിന് നിയന്ത്രണങ്ങൾ ബാധകമാണെന്നും അന്തിമതീരുമാനം ഉണ്ടാകുമ്പോൾ ഇക്കാര്യത്തിൽ മാറ്റമുണ്ടാകാമെന്നും സംസ്ഥാന സർക്കാർ കോടതിയെ അറിയിക്കുകയായിരുന്നു. 2013 നവംബർ 13ലെ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ മനപ്പൂർവ്വം മറച്ചുവച്ചാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചിട്ടുള്ളതെന്നും സിംഗിൾ ബഞ്ച് ഇത് പരിഗണിക്കാതെയാണ് ഉത്തരവ് നൽകിയതെന്നും വിശദീകരിക്കുന്നു.

ഇന്ത്യയിലെ 4156 വില്ലേജുകൾ പരിസ്ഥിതിലോലമായി 2013 നവംബർ 13ന് ഉത്തരവ് ഇറക്കിയത് കോൺഗ്രസ്നേതൃത്വ യുപിഎ സർക്കാരാണ്. കേന്ദ്രസർക്കാർ ഇതുവരെയും ഈ ഉത്തരവ് പിൻവലിച്ചിട്ടില്ല. കേന്ദ്രത്തിലും കേരളത്തിലും ഒരേസമയം അധികാരത്തിലിരുന്നവരും കൂട്ടുകക്ഷികളായി കൂടെ നിന്നവരും ഇഎസ്എ പരിധിയിൽ നിന്ന് ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും പൂർണ്ണമായി ഒഴിവാക്കി



രേഖകൾ സമർപ്പിക്കാൻ രണ്ടരവർഷത്തോളം സമയം കിട്ടിയിട്ടും മുഖംതിരിഞ്ഞുനിന്നിട്ട് ഇപ്പോൾ യഥാർത്ഥ വസ്തുതകളും രേഖകളും മുൻ സർക്കാരിന്റെ ഉത്തരവുകളും കോടതിയുടെ മുമ്പിൽ നിരത്തുമ്പോൾ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടി ജനങ്ങളെ വിഢികളാക്കുവാൻ ശ്രമിക്കുന്നത് വിലപ്പോവില്ലന്ന് ദേശീയ സമിതി പറഞ്ഞു.

കേരളത്തിലെ 123 വില്ലേജുകളും നവംബർ 2013 നവംബർ 13ലെ ഉത്തരവിന്റെ നിയന്ത്രണങ്ങൾക്ക് നിലവിൽ വിധേയമാണ്. ഇക്കൂട്ടത്തിൽ കോട്ടയം ജില്ലയിലെ 4 വില്ലേജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ 2015 ജൂലൈ 28ന് യുഡിഎഫ് സർക്കാർ 3527/എ2/14 നമ്പരായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് മുമ്പാകെ ഈ നാലു വില്ലേജുകളിൽ വനമില്ലാത്തതുകൊണ്ട് ഇഎസ്എ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. ഇങ്ങനെ ആവശ്യപ്പെട്ടതാണ് കോട്ടയം ജില്ലയിലെ നാലു വില്ലേജുകളെ പരിസ്ഥിതിലോല പരിധിയിൽ നിന്ന് ഒഴിവാക്കിയെന്ന് മുൻസർക്കാർ കൊട്ടിഘോഷിച്ചത്. എന്നാൽ കേന്ദ്രസർക്കാർ ഈ നിർദ്ദേശം മുഖവിലയ്ക്കെടുത്തില്ലെന്നുമാത്രമല്ല തുടർന്ന് 2015 സെപ്തംബർ 4ന് ഇറക്കിയ രണ്ടാം കരടുവിജ്ഞാപനത്തിൽ ഈ നാലുവില്ലേജുകളെ ഒഴിവാക്കിയിട്ടുമില്ല.

ക്വാറി ഖനന മാഫിയകളുടെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി കോടതിയെ സമീപിക്കുകയും നിലവിലുള്ള നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ കോടതിവിധി എതിരാവുകയും ചെയ്തപ്പോൾ ജനങ്ങളെ തെരുവിലിറക്കുന്നത് ശരിയായ നടപടിയല്ല. അധികാരത്തിലിരുന്നപ്പോൾ പരിസ്ഥിതിലോലപ്രദേശങ്ങൾ സംബന്ധിച്ച വിഷയത്തിൽ നിശബ്ദനിലപാടുകളിലൂടെ ജനങ്ങളുടെ നടുവൊടിച്ചിട്ട് വീണ്ടും കോടതി വ്യവഹാരങ്ങളിലൂടെ വിഷയം കൂടുതൽ സങ്കീർണ്ണമാക്കുവാൻ ശ്രമിക്കുന്നത് ജനദ്രോഹമാണെന്നും സമിതി കൂട്ടിച്ചേർത്തു.

## റബർ-രാജ്യാന്തരവില ഉയർന്നിട്ടും ആഭ്യന്തര വിപണി തകരുന്നു

കോട്ടയം: റബറിന്റെ രാജ്യാന്തരവില തുടർച്ചയായി ഉയർന്നിട്ടും ആഭ്യന്തര വില തകർന്നിരിക്കുന്നത് റബർ കർഷകരുടെ ഭാവിപ്രതീക്ഷകൾ തകർക്കുന്നുവെന്നും കേന്ദ്രസർക്കാർ ഇടപെടൽ നടത്താതെ മുഖം തിരിഞ്ഞുനിൽക്കുന്നത് കർഷകരോടുള്ള വെല്ലുവിളിയാണെന്നും ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

രാജ്യാന്തരവില ചുരുങ്ങിയ നാളുകൾക്കുള്ളിൽ 106 രൂപയിൽ നിന്ന് 114.25 രൂപയായി വർദ്ധിച്ചു. ആഭ്യന്തര വ്യാപാരിവിലയാകട്ടെ 113 രൂപയായി തുടരുകയാണ്. റബർ ബോർഡ് പ്രഖ്യാപിക്കുന്ന നിരക്കിൽ റബർ വിപണനം നടക്കുന്നുമില്ല. രാജ്യാന്തരവിലയേക്കാൾ കുറവിൽ ആഭ്യന്തരവിപണിയിൽ റബർ വ്യാപാരം നടക്കുന്നത് വരാൻപോകുന്ന വൻ പ്രതിസന്ധിയിലേക്കാണ് വിരൽചൂണ്ടുന്നത്. 25 ശതമാനം ഇറക്കുമതിത്തീരുവയും ഇതര ചാർജുകളും ഉൾപ്പെടെ ഒരു കിലോ റബർ ഇന്ത്യയിലെത്തുന്നതിന് 150 രൂപയാകുമെന്നിരിക്കെ ആഭ്യന്തരവിപണി തകർത്ത് ചെറുകിട കർഷകന്റെ ജീവിതം വഴിമുട്ടിക്കുവാൻ കേന്ദ്രസർക്കാരും റബർബോർഡും ഒത്താശചെയ്യുന്നത് ദുഖകരമാണ്. റബറുല്പാദനമുള്ള മാസങ്ങളാണിപ്പോൾ. മനഃപൂർവ്വം ആഭ്യന്തരവിലയിടിക്കുവാൻ വ്യവസായികൾ ശ്രമിക്കുമ്പോൾ, സർക്കാർ ഇടപെടലുകൾ അടിയന്തരമാണ്. അടിസ്ഥാനവിലയും അടിസ്ഥാന ഇറക്കുമതിവിലയും നിശ്ചയിക്കാൻ റബർ ആക്ടിന്റെ 13-ാം വകുപ്പുപ്രകാരം കേന്ദ്രസർക്കാരിന് അധികാരമുണ്ട്. റബർ ബോർഡിന്റെ ആഭ്യന്തര റബർ ഉല്പാദനകണക്കുകൾ വിശ്വസനീയമല്ല. ഉല്പാദനവർദ്ധനവ് ചൂണ്ടിക്കാട്ടി വിലയിടിക്കുവാനുള്ള തന്ത്രമായിട്ടേ ഇതിനെ കരുതാനാവൂ. മറിച്ചാണെങ്കിൽ, രാജ്യാന്തരവിലയുടെ 25 ശതമാനം ഇറക്കുമതിച്ചുങ്കവും 6 ശതമാനം സെസും ഉൾപ്പെടെയുള്ള തുക അടിസ്ഥാനമാക്കി ആഭ്യന്തരവില പ്രഖ്യാപിച്ച് വിപണിയിൽ ഇടപെടൽ നടത്താനും റബർ സംഭരണത്തിനും കേന്ദ്രസർക്കാരും റബർബോർഡും തയ്യാറാകണം.

# തെലങ്കാന, തമിനാട്, കേരളം എന്നിവിടങ്ങളിൽ 20 ഐ.എസ്.കേന്ദ്രങ്ങൾ; പരിശീലനം നേടി ഏറെ മലയാളികൾ അഫ്ഗാനിലുണ്ടെന്ന് സുബ്ഹാനി



ഐഎസ് പരിശീലനം നേടിയ കൂടുതൽ മലയാളികൾ അഫ്ഗാനിസ്ഥാനിലുണ്ടെന്ന് സുബ്ഹാനി ഹാജ മൊയ്തീൻ വെളിപ്പെടുത്തിയതായി വിവരം. സുബ്ഹാനിയിൽ നിന്നു കിട്ടിയ വിവരങ്ങൾ പ്രകാരം തെക്കൻ സംസ്ഥാനങ്ങളിൽ മൂന്ന് ആസ്ഥാനങ്ങളുണ്ടെന്ന് വ്യക്തമായി. തെലങ്കാന, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ ഓരോ സംസ്ഥാനത്തും പത്തുമുതൽ 20 വരെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഏകോപനം സുബ്ഹാനി നോക്കിയിരുന്നു. വിവിധ സ്ഥലങ്ങളിൽ സ്ഫോടനം നടത്താൻ ആവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കാനും ഇവർ ശ്രമിച്ചിരുന്നു.

കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം കിട്ടുന്നത് ഗൾഫ് രാജ്യങ്ങളിലും സിറിയയിലും നിന്നാണ്. ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ആളെ ചേർക്കാൻ പ്രചോദിപ്പിച്ചത് സുബ്ഹാനിയായിരുന്നു. ഹവാലാ മാർഗ്ഗത്തിലാണ് പണം കൈമാറിയിരുന്നത്. കൂടുതൽ ചോദ്യം ചെയ്യലിനായി സുബ്ഹാനി ഹാജ മൊയ്തീനെ ആറുദിവസത്തേയ്ക്ക് കൂടി കോടതി എൻ.ഐ.എ.കസ്റ്റഡിയിൽ വിട്ടു. സുബഹാനിയെയും ഐ.എസ്.ബന്ധത്തിന്റെ പേരിൽ അറസ്റ്റ് ചെയ്ത മറ്റ് ആറ്പേരെയും എൻ.ഐ.എ.കോടതിയിൽ ഹാജരാക്കി. സുബ്ഹാനി ഒഴികെയുള്ളവരെ തൃശൂർ വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്ക് റിമാൻഡ് ചെയ്തു. മൂന്നാം പ്രതിയായ സ്വാലിഹിന്റെ മൊബൈൽ ഫോണും പതിനൊന്നാം പ്രതിയായ സുബ്ഹാനിയുടെ വീട്ടിൽ നിന്ന് പിടിച്ചെടുത്ത മൊബൈൽ ഫോണും ഹാർഡ് ഡിസ്കും സി ഡാക്കിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് കോടതി അനുമതി നൽകി.

സ്വാലിഹിന്റെ മൊബൈൽ ഫോണിലെ ടെലിഗ്രാം ആപ്പിലൂടെ ഇയാൾക്ക് ലഭിച്ച സന്ദേശങ്ങൾ വീണ്ടെടുക്കുന്നതിനാണ് സി ഡാക്കിന്റെ സേവനം തേടുന്നത്. സുരക്ഷാ കാരണങ്ങളാൽ എൻ.ഐ.എ.കേസുകളിലെ പ്രതികളെ സെൻട്രൽ ജയിലിലാണ് താമസിപ്പിക്കുകയെന്നും എറണാകുളം സബ്ജയിലിൽ നിന്ന് ഇവരെ മാറ്റണമെന്നും എൻ.ഐ.എ.ആവശ്യപ്പെട്ടതിനെത്തുടർന്നാണ് ഇവരെ വിയ്യൂർ ജയിലിലേയ്ക്ക് മാറ്റാൻ കോടതി ഉത്തരവിട്ടത്. പാനൂരിനുസമീപം കനകമലയിൽ നിന്നും പിടികൂടിയ കണ്ണൂർ അണിയാരം സ്വദേശി മൻസീദ്, കോയമ്പത്തൂർ സ്വദേശി അബു ബഷീർ, ചെന്നൈയിൽ താമസിക്കുന്ന തൃശൂർ സ്വദേശി അമ്പലത്ത് ടി.സ്വാലിഹ് മുഹമ്മദ്, മലപ്പുറം തിരൂർ പൊന്മുണ്ടം പി.സഫ്വാൻ, കുറ്റ്യാടി നങ്ങീലംകണ്ടി എൻ.കെ.ജാസിം, കോഴിക്കോട് നിന്നും പിടികൂടിയ കുറ്റ്യാടി വളയന്നൂർ സ്വദേശി എൻ.കെ.റംഷാദ് എന്നിവരെയാണ് നവംബർ രണ്ടുവരെ ജൂഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തത്.

# പാക്കിസ്ഥാനിൽ ക്രിസ്ത്യൻ സ്ത്രീക്ക് വധശിക്ഷ

മുഹമ്മദ് നബിയെ അപമാനിച്ചു എന്ന കുറ്റത്തിന് പാക്കിസ്ഥാനിൽ ഒരു ക്രിസ്ത്യൻ സ്ത്രീയെ തൂക്കിലേറ്റാൻ കോടതി വിധി. അമ്പതുകാരിയും അഞ്ചു കുട്ടികളുടെ മാതാവുമായ അസിയ ബീബിയെയാണ് തൂക്കിലേറ്റാൻ കോടതി ഉത്തരവിട്ടത്. തന്റെ അയൽപക്കത്തുള്ള കർഷകർ കൃഷിക്കുള്ള വെള്ളത്തിനായി ബുദ്ധിമുട്ടുന്നതു കണ്ടപ്പോൾ ഇവർ വെള്ളം വാഗ്ദാനം ചെയ്തു. എന്നാൽ ക്രിസ്ത്യാനികളുടെ വെള്ളം അശുദ്ധമാകയാൽ ആവശ്യമില്ലെന്ന് കർഷകരും. തുടർന്നു നടന്ന വാക്കുതർക്കത്തിൽ മുസ്ലീം മതത്തെയും മുഹമ്മദ് നബിയെയും ആക്ഷേപിച്ച ക്രിസ്ത്യൻ സ്ത്രീക്ക് വധശിക്ഷ നൽകണമെന്നാണ് അവർ പോലീസിൽ പരാതി നൽകിയത്. കോടതിയിലെത്തിയ വിഷയത്തിൽ വന്ന പ്രസ്താവന ഞെട്ടിക്കുന്നതാണ്. ഒന്നുകിൽ മുസ്ലീം ആകുക അല്ലെങ്കിൽ പോലീസിനു കീഴടങ്ങുക എന്ന് കോടതി പറഞ്ഞു. മതം മാറാൻ തയ്യാറാകാത്ത ഈ മാതാവിനെ പോലീസ് തുറുങ്കിലടച്ചു. ഇവർ സമർപ്പിച്ച എല്ലാ അപ്പീലുകളും കോടതി തള്ളി. എങ്കിലും ജീവൻ രക്ഷിക്കാൻ ഒരു അപ്പീൽകൂടി നൽകുമെന്ന് ഇവരുടെ അഭിഭാഷകൻ പറഞ്ഞു.

# ക്രൈസ്തവ സഭകൾ നിർബന്ധമായും തങ്ങളുടെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് നൽകണമെന്ന് ചൈന സർക്കാർ

ചൈനയിലെ ചില സ്റ്റേറ്റുകളിൽ ക്രൈസ്തവ സഭകളുടെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് നൽകണമെന്ന് പുതിയ നിയമം. സംഭാവനകൾ, ദശാംശം, സ്തോത്രകാഴ്ച തുടങ്ങി എല്ലാ വരുമാനങ്ങളും നിർബന്ധമായും സർക്കാർ ഖജനാവിലേയ്ക്ക് നൽകണം. ഈ നിയമപ്രകാരം ദൈവാലയങ്ങൾക്ക് സ്വന്തമായി നിർമ്മാണപ്രവർത്തനങ്ങൾ, അറ്റകുറ്റ പണികൾ, മോടി കൂട്ടൽ എന്നിവ നടത്തുന്നതിന് സാധ്യമല്ല. എല്ലാ തരത്തിലുമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി നേടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ സഭയുടെ ഇത്തരം ആവശ്യങ്ങൾക്ക് പലപ്പോഴും അനുമതി ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. സഭയുടെ ദൈനംദിന കാര്യങ്ങളിൽ പോലും അധികാരികളുടെ അനാവശ്യ ഇടപെടലുകൾ ഉണ്ടാകുന്നു. ചൈനയിലെ ഷീജിയാംഗ് പ്രവിശ്യയിലെ വിശ്വാസികളുടെ വാക്കുകളെ ഉദ്ധരിച്ച് ചൈന ഐഡ് റിപ്പോർട്ട് ചെയ്യുന്നത്, ഞങ്ങൾ സർക്കാർ അധികാരികൾക്ക് സഭയുടെ എല്ലാ വരവുചെലവു കണക്കുകളും നൽകുവാൻ തയ്യാറാണ്. നിയമപ്രകാരമുള്ള നികുതിയും ഞങ്ങൾ നൽകുന്നു.

# യേശു പ്രസംഗിച്ച മഗ്ദലയിലെ സിനഗോഗ് കണ്ടെത്തി





**മഗ്ദല:** വടക്കൻ ഇസ്രായേലിലെ ഗലീലി തടാകത്തിനു സമീപം മഗ്ദലയിൽ ദി ലജിയോൺ ഓഫ് ക്രൈസ്റ്റ് എന്ന സംഘടനയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു ടൂറിസ്റ്റ് ഹോട്ടലുകളും മറ്റും പണിയാനുള്ള ശ്രമത്തിനിടയിലാണ് സിനഗോഗിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്.

തുടർന്ന് ഗവേഷകർ ഈ സ്ഥലം ഏറ്റെടുത്തു പരിശോധനകൾ നടത്തി. അങ്ങനെയാണ് യേശു തന്റെ പരസ്യശുശ്രൂഷാകാലത്ത് പ്രസംഗിച്ച മഗ്ദലയിലെ യഹൂദന്മാരുടെ സിനഗോഗ് ആണിതെന്ന് മനസിലായത്. ഇവിടെ ഇപ്പോൾ ഒരു തീർത്ഥാടനകേന്ദ്രം ആക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒരു ചാപ്പൽ പണിയുന്നുണ്ട്. വിവിധ ചിത്രപ്പണികളോടുകൂടിയ വലിയ കല്ലുകൾ, കവരവിളക്കുകൾ കൊത്തിയ വലിയ ഹാളുകൾ, മൊസൈക് ടൈലുകൾ പാകിയതുപോലുള്ള തറകൾ, മിനുസപ്പെടുത്തിയ ഭിത്തികൾ, കല്ലുകൾകൊണ്ടുള്ള ബെഞ്ചുകൾ എന്നിവ കണ്ടെടുത്തു. മുറികൾക്ക് ആയിരത്തി ഇരുന്നൂറോളം സ്ക്വയർഫീറ്റ് വലുപ്പമുണ്ട്. ക്രിസ്തുവിനുശേഷം റോമൻ ആക്രമണത്തിൽ തകർന്നിരിക്കാമെന്ന് കരുതപ്പെടുന്നു.

മഗ്ദലക്കാരി മറിയത്തിന്റെ പേരിലും ഈ സ്ഥലം അറിയപ്പെടുന്നു. ഇവിടെനിന്ന് കഫർണാം, ബേദസ്ദാ എന്നിവിടങ്ങളിലേയ്ക്ക് പോകാൻ എളുപ്പവഴികളുണ്ട്. ഈ സിനഗോഗ് നിന്നിരുന്ന സ്ഥലം ഒരു വ്യാപാരകേന്ദ്രം കൂടിയായിരുന്നുവെന്ന് ഗവേഷകർ പറയുന്നു.

# കത്തോലിക്കാ സഭയിൽ പുതിയ 17 കർദിനാൾമാർ

**വത്തിക്കാൻ സിറ്റി:** ബംഗ്ലാദേശ്, മലേഷ്യ എന്നീ രാജ്യങ്ങളിൽനിന്നുൾപ്പെടെ 17 പേരെ കർദിനാൾ പദവിയിലേക്ക് ഫ്രാൻസീസ് മാർപാപ്പ ഉയർത്തി. ഇതിൽ 13 പേർ 80 വയസ്സിൽ താഴെയുള്ളവരാണ്. മാർപാപ്പയെ തെരഞ്ഞെടുക്കുമ്പോൾ വോട്ടവകാശമുള്ളത് 80 വയസ്സിൽ താഴെ പ്രായമുള്ളവർക്കാണ്. കരുണയുടെ വർഷാചരണം അവസാനിക്കുന്ന നവംബർ 19നു നടത്തുന്ന കൺസിസ്റ്ററിയിലാണ് പുതിയ കർദിനാൾമാരുടെ സ്ഥാനാരോഹണം. മൂന്നാം തവണയാണ് ഫ്രാൻസീസ് മാർപാപ്പ കർദിനാൾമാരെ നിയമിക്കുന്നത്. 44 കർദിനാൾമാരെ ഫ്രാൻസീസ് മാർപാപ്പ നിയമിച്ചിട്ടുണ്ട്. ഇറ്റലി, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്, സ്പെയിൻ, അമേരിക്ക, ബ്രസീൽ, ബംഗ്ലാദേശ്, വെനസ്വേല, ബെൽജിയം, മൗറീഷ്യസ്, മെക്സിക്കോ, പാപ്പുവ ന്യൂ ഗിനി, മലേഷ്യ, ലെസോത്തോ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് പുതിയ കർദിനാൾമാർ. അമേരിക്കയിൽ നിന്നു മൂന്നുപേരും ഇറ്റലിയിൽ നിന്നു രണ്ടുപേരും കർദിനാൾ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു.

# മതപരിവർത്തനത്തിന് വിസമ്മതിച്ച പാക്കിസ്ഥാനി കുടുംബത്തിന് ക്രൂരപീഡനം

മതപരിവർത്തനത്തിന് വിസമ്മതിച്ച കുടുംബത്തോട് ഈ രീതിയിൽ പ്രതികാരം ചെയ്യുമെന്ന് ആരും കരുതിയില്ല. കൂട്ടബലാൽസംഗത്തിനിരയായി വേദനകൊണ്ട് അലറിക്കരയുന്ന 17 കാരിയായ പെൺകുട്ടിയുടെ കരച്ചിൽ സഹോദരൻ കേൾക്കേണ്ടിവരിക! ഒരു കുടുംബമൊന്നാകെ തകർന്നുപോയ ദിനങ്ങളായിരുന്നു അത്.


പാക്കിസ്ഥാനിലെ കസൂറിലുള്ള ക്രിസ്ത്യൻ കുടുംബത്തിനാണ് ഈ ദുർവിധി നേരിടേണ്ടിവന്നത്. മതപരിവർത്തനം നടത്തുന്നതിന് ഈ കുടുംബം കനത്ത സമ്മർദ്ദം നേരിടേണ്ടിവന്നു. അതിന് വിസമ്മതിച്ചപ്പോഴാണ് ആയുധധാരികളായ ഒരു സംഘം വീട്ടിലേയ്ക്ക് ഇരച്ചുകയറി പെൺകുട്ടിയേയും സഹോദരനേയും തട്ടിക്കൊണ്ടുപോയതും.

ഇരുപതുകാരനായ ആരിഫിനെയും പതിനേഴുകാരിയായ സഹോദരി ജമീലയേയും അടുത്തുള്ള കെട്ടിടത്തിലേക്ക് കൊണ്ടുപോയ സംഘം ആരിഫിനെ ക്രൂരമായി മർദ്ദിച്ചു. തൊട്ടടുത്ത മുറിയിൽ ജമീലയെ കൂട്ടബലാൽസംഗം ചെയ്തു. പെൺകുട്ടിയുടെ കരച്ചിൽ ആരിഫിനെ കേൾപ്പിക്കുകയായിരുന്നു അക്രമികളുടെ ലക്ഷ്യം. അടുത്ത ദിവസം അവിടെനിന്ന് രക്ഷപെട്ട ആരിഫ് വീട്ടിലെത്തി മാതാപിതാക്കളെ മോചിപ്പിച്ചു. എന്നാൽ, ജമീലയെ ഇനിയും രക്ഷപെടുത്താനായിട്ടില്ല. പോലീസിൽ പരാതിപ്പെട്ടെങ്കിലും അവർ കേസ് അന്വേഷിക്കാൻ വിസമ്മതിച്ചത് കുടുംബത്തിന്റെ വേദന വീണ്ടും വർദ്ധിപ്പിക്കുന്നു.



പാക്കിസ്ഥാൻ ജനസംഖ്യയുടെ നാല് ശതമാനം മാത്രം വരുന്ന ക്രൈസ്തവർക്കുനേരെ ആക്രമണങ്ങൾ പതിവാണ്. എല്ലാ ന്യൂനപക്ഷവിഭാഗങ്ങളെയും പോലെ സർക്കാർ പോലും തുണയില്ലാത്ത അവസ്ഥയിലാണ് ക്രൈസ്തവരും ജീവിതം തള്ളിനീക്കുന്നത്.

Dr. P.M. Chacko
Palakunnel
Mob: 9746085144



# എന്റെ പൊന്നുമോൾക്ക് എന്തുപറ്റി?

ട്രീസ കേരളത്തിനു പുറത്ത് ഒരു നഗരത്തിൽ മാതാപിതാക്കൾക്കൊപ്പം താമസിച്ച് പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്നു. പിതാവും മാതാവും ജോലിക്കാരാണ്. ഒരു മൂത്തസഹോദരിയുണ്ട്. അവൾ എഞ്ചിനീയറിംഗ് കഴിഞ്ഞ് ജോലിചെയ്യുന്നു. ഒരു വർഷം മുൻപ് വരെ അവൾ വീട്ടിലുണ്ടായിരുന്നു ഇപ്പോൾ ട്രീസ സ്കൂൾ വിട്ടു വന്നാൽ നാലുമണി മുതൽ ആറരമണി വരെ വീട്ടിൽ ഒറ്റയ്ക്കാണ്. മാതാപിതാക്കൾ തിരിച്ചുവന്നാലും വീട്ടുജോലികളിൽ തിരക്കിട്ട് വ്യാപൃതരാകും. കുടുംബത്തിൽ പരസ്പരം ആശയവിനിമയത്തിനും ഒന്നിച്ചുള്ള സമയം ചിലവഴിക്കലിനും അവസരങ്ങൾ നന്നേ കുറവായിരുന്നു. കുറച്ചുനാളായി ട്രീസാ ക്ലാസിൽ പോകുന്നില്ല. പതിനൊന്നാം ക്ലാസ്വരെ മിക്കവിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയിരുന്നു. ഡാൻസ്, സംഗീതം, സ്പോർട്സ് എന്നീ രംഗങ്ങളിലും കഴിവ് തെളിയിച്ചിരുന്നു. ട്രീസയ്ക്ക് സമപ്രായക്കാരായ കൂട്ടുകാർ നന്നെ കുറവായിരുന്നു. ക്ലാസിലുള്ള ആരുമായും വലിയ ബന്ധമൊന്നും ഉണ്ടായിരുന്നില്ല. ഇക്കാരണത്താൽ തന്നെ ട്രീസയ്ക്കൊരു പ്രശ്നം വന്നാൽ പിന്തുണയ്ക്കാൻ കൂട്ടുകാരില്ലായിരുന്നു. പത്താം ക്ലാസ് വരെ സിവിൽ സർവീസ് പാസാകണമെന്ന് ആഴമായ ആഗ്രഹമുണ്ടായിരുന്നു. നന്നായി പഠിക്കുന്നവളും ഇംഗ്ലീഷിൽ നല്ല കഴിവും ഉണ്ടായിരുന്നതിനാൽ അത് സാധിക്കുമെന്ന് മാതാപിതാക്കളും അധ്യാപകരും വിശ്വസിച്ചു. പക്ഷേ, ഈയിടെയായി സ്കൂളിൽ പോകാൻ മടിയാണ്. സ്കൂളിൽ പോകാതെ വീട്ടിലിരുന്ന് പഠിച്ച് പരീക്ഷ എഴുതിക്കൊള്ളാമെന്ന് ശാഠ്യം പിടിക്കുന്നു. നിർബന്ധിച്ചാൽ കരയുകയോ എതിർക്കുകയോ ചെയ്യും. എന്തിനാണ് പഠിക്കുന്നത്, എന്തിനാണ് ഭക്ഷണം കഴിക്കുന്നത്, എന്തിനാണ് വസ്ത്രം ധരിക്കുന്നത് എന്ന് തുടങ്ങിയ ചില ചോദ്യങ്ങൾ മാതാപിതാക്കളോടും മറ്റുള്ളവരോടും ചോദിച്ചശേഷം മൗനമായിരിക്കും. നേരത്തെ തന്നെ പ്രായത്തിൽ തന്നെക്കാൾ കുറഞ്ഞ കുട്ടികളുമായി സമയം ചെലവഴിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്. അവരുമായി കൂടുതൽ സമയം ചെലവഴിക്കുകയും അവരോടൊപ്പം ചേർന്ന് പൊട്ടിച്ചിരിക്കുകയും അവരുടെ കളികളിൽ ആത്മാർത്ഥമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഇത് വളർച്ചയുടെ കുറവുകൊണ്ടാണെന്ന് ചിലരൊക്കെ അഭിപ്രായപ്പെടുന്നത് അവളും പലതവണ കേട്ടിട്ടുണ്ട്. അതുകൊണ്ട് എനിക്ക് മാനസിക വളർച്ച എത്തിയിട്ടില്ലെന്ന് അവൾ തന്നെ ചിലപ്പോൾ പറയും. അടുത്ത കാലത്ത് എന്തിനാണ് ജീവിക്കുന്നതെന്നു പോലും ചോദിക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരിടത്തും സ്വസ്ഥമായി ഇരിക്കുകയില്ല. ചിലസമയത്ത് തലയുടെ രണ്ടുവശത്തും കൈകൾ കൊടുത്ത് അസ്വസ്ഥത പ്രകടിപ്പിക്കും. എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടക്കും. എനിക്ക് ഇറങ്ങി ഓടണമെന്ന് തോന്നുന്നുണ്ടെന്നും പറയും. എനിക്ക് മൂഡ് ഡിസോർഡർ ഉണ്ട് എന്ന് ചിലരോട് പറഞ്ഞിട്ടുണ്ട്. ചില സമയത്ത് സന്തോഷവതിയും വേറെ ചിലസമയങ്ങളിൽ പിൻവലിഞ്ഞ് വിഷാദഭാവത്തിലും ഇരിക്കും. ഞാൻ പറയുന്നത് എന്താണെന്ന് പിന്നീടെനിക്ക് ഓർമ്മയില്ല എന്ന് ചിലപ്പോൾ ട്രീസ പറയാറുണ്ട്.

**എന്റെ സംഗീതജീവിതം അവസാനിപ്പിച്ചത് ആ ടീച്ചറാണ്, അവരോട് ക്ഷമിക്കുവാൻ എനിക്ക് കഴിയുകയില്ല എന്നു പറഞ്ഞ് അവൾ പല്ലിറുമ്മി. എനിക്ക് ഇവിടെ ഇരിക്കാൻ പറ്റുന്നില്ല എഴുന്നേറ്റ് ഓടണമെന്ന് പറഞ്ഞ് അവൾ കൗൺസിലിംഗ് ഇരിപ്പിടത്തിൽ നിന്ന് ചാടിയെഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടന്നു.**

ട്രീസയുമായി സംസാരിച്ചപ്പോൾ ട്രീസയുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് പല കാരണങ്ങൾ ഉണ്ട് എന്ന് മനസിലായി. എനിക്കൊന്നും ഓർമ്മയില്ല, ധ്യാനം കൂടിയപ്പോൾ ഞാൻ എല്ലാം മറന്നുകളഞ്ഞു എന്നും ക്ഷമിക്കാനുള്ളതെല്ലാം ഞാൻ ക്ഷമിച്ചു എന്നും പറഞ്ഞ് ഒഴിയുകയും കാര്യങ്ങൾ തുറന്നുപറയാൻ ആദ്യം വിസമ്മതിക്കുകയും ചെയ്തു, പിന്നീട് കാര്യങ്ങൾ ഒന്നൊന്നായി പറയുവാൻ തുടങ്ങി. അവൾ പറഞ്ഞു: "എനിക്ക് എല്ലാ കഴിവുകളും ഉണ്ടായിരുന്നു; എന്നെ മനഃപൂർവ്വം എല്ലാവരും തരംതാഴ്ത്തിയതുകൊണ്ടാണ് ഞാൻ നശിച്ചത്. എട്ടാം ക്ലാസിൽ പഠിച്ചപ്പോൾ ഞാൻ എന്തോ പറഞ്ഞപ്പോൾ ഡാൻസ് ടീച്ചർ കരഞ്ഞു. അതുകൊണ്ടായിരിക്കാം ഞാൻ അവരാൽ ശപിക്കപ്പെട്ടത്. അവരോടു ഞാൻ ക്ഷമയൊന്നും ചോദിച്ചില്ല. അവർ എന്നെ മനപ്പൂർവ്വം തരംതാഴ്ത്തിയതുകൊണ്ടാണ് അവരെ വിമർശിച്ചതും സ്പോർട്സിലും എന്നെക്കാൾ കഴിവു കുറഞ്ഞവർക്ക് എപ്പോഴും സെലക്ഷൻ കിട്ടിയിരുന്നതും. കാരണം കൂട്ടുകാർക്കും അധ്യാപകർക്കും എന്നെ ഇഷ്ടമല്ലായിരുന്നു എന്നതാണ്.

ട്രീസയുടെ പാട്ട് ടീച്ചറിൽ നിന്നും ദുരനുഭവമുണ്ടായതായി അവൾ പറഞ്ഞു. ഒരിക്കൽ ഒരു വലിയ പരിപാടിക്ക് ട്രീസയെ ക്വയർ ലീഡറായി തിരഞ്ഞെടുത്തു. പരിശീലനമൊക്കെ തീരാറായപ്പോൾ ഒരു അദ്ധ്യാപികയുടെ മകളെ ട്രീസയുടെ സ്ഥാനത്ത് നിയോഗിച്ചിട്ട് ട്രീസയെ സാധാരണ ഒരു അംഗമാക്കി. അതിനെപ്പറ്റി ടീച്ചറിനോട് ചോദിച്ചപ്പോൾ അതു ചോദിക്കാൻ നീയാരാണ് എന്ന് ധിക്കാരപൂർവ്വമുള്ള മറുപടിയാണ് ലഭിച്ചത്. ടീച്ചർ മനപൂർവ്വം തരംതാഴ്ത്തിയതാണെന്ന് വിശ്വസിച്ച അവൾ അപ്പോൾ പാടാൻ പോയില്ല എന്നു മാത്രമല്ല, പിന്നീടൊരിക്കലും ഒരു സംഗീത പരിപാടിയിലും പങ്കെടുക്കുവാൻ തയ്യാറായില്ല. എന്റെ സംഗീതജീവിതം അവസാനിപ്പിച്ചത് ആ ടീച്ചറാണ്, അവരോട് ക്ഷമിക്കുവാൻ എനിക്ക് കഴിയുകയില്ല എന്നു പറഞ്ഞ് അവൾ പല്ലിറുമ്മി. എനിക്ക് ഇവിടെ ഇരിക്കാൻ പറ്റുന്നില്ല എഴുന്നേറ്റ് ഓടണമെന്ന് പറഞ്ഞ് അവൾ കൗൺസി

→

ലിംഗ് ഇരിപ്പിടത്തിൽ നിന്ന് ചാടിയെഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടന്നു. നിനക്ക് ഓടണമെങ്കിൽ ഓടിക്കോ ഞാൻ തടയുകയില്ല എന്ന് പറഞ്ഞപ്പോൾ അവൾ എന്റെ മുഖത്തേയ്ക്ക് തറപ്പിച്ച് നോക്കിയിട്ട് അവിടെത്തന്നെ ഉറച്ച് ഇരുന്നു. ആ സ്കൂളിൽ പോകാൻ മാത്രം എന്നോട് കൗൺസിലർ പറയരുത് ഞാൻ അനുസരിക്കില്ല എന്ന് പറഞ്ഞ് അവൾ കണ്ണീരൊഴുക്കി.

കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയിൽ പറയുന്നത് നാം ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോൾ നമുക്കു പെട്ടെന്നുണ്ടാകുന്ന ചിന്ത(Automatic thought)യാണ് നമ്മിൽ ശക്തമായ വികാരം സൃഷ്ടിക്കുന്നത് എന്നാണ്. അങ്ങനെ സൃഷ്ടിക്കപ്പെട്ട വികാരത്തിന്റെ ഫലമായി നാം പെട്ടെന്നൊരു പ്രവൃത്തി ചെയ്യുവാൻ നിർബന്ധിതരായിത്തീരുകയും പിന്നീട് അതിന്റെ പരിണിതഫലം അനുഭവിക്കുകയും ചെയ്യും. ഇവിടെ എല്ലാവരും എനിക്കെതിരാണ്, എന്നെ തരംതാഴ്ത്താൻ മറ്റുള്ളവർ ശ്രമിക്കുന്നു, എന്നെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്നവർ എന്റെ നാശം ആഗ്രഹിക്കുന്നവരാണ് എന്നു തുടങ്ങിയ ചിന്തകളാണ് ട്രീസയെ അടക്കിഭരിക്കുന്നത്. ഡാൻസിലും പാട്ടിലും സ്പോർട്സിലുമൊക്കെ തിരുത്തലും ശാസനയും സ്ഥാനം മാറ്റലുമൊക്കെ അനിവാര്യസംഭവങ്ങളാണെന്ന് അതിൽ പങ്കെടുക്കുന്ന സന്തുലിതമാനസികാവസ്ഥയുള്ളവർക്കൊക്കെ അറിയാം. അവർ അങ്ങനെയുള്ള സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ കാരണങ്ങൾ തിരക്കി കുറവുകളെ പരിഹരിക്കാൻ ശ്രമിക്കും. ഇവിടെ ട്രീസ എല്ലാ വിമർശനങ്ങളെയും തനിക്കെതിരെയുള്ള ആക്രമണങ്ങളായി കരുതി വികാരഭരിതയായി പ്രതികരിച്ച് നാശം അനുഭവിക്കുകയാണ്. ഇതുകൂടാതെ ഇത്തരം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു പ്രത്യേക കാഴ്ചപ്പാട് (schema) സൃഷ്ടിച്ചെടുത്ത് പ്രത്യേക ഫ്രെയിമിലൂടെ മാത്രം ലോകത്തെ കാണുകയും ചെയ്യുന്നു. ഇതിനോടൊപ്പം തങ്ങളെപ്പറ്റിയും ലോകത്തെപ്പറ്റിയും ഭാവിയെപ്പറ്റിയും സ്ഥിരമായ ഒരു മനോഭാവം രൂപപ്പെടുത്തുകയും ചെയ്യുന്നു. എന്നെ ഒന്നിനും കൊള്ളില്ല, മറ്റുള്ളവരെല്ലാം ഉപദ്രവകാരികളാണ്, ഭാവി വളരെ മോശമാണ് എന്നീ മൂന്നു ചിന്തകൾ ചിലർ വച്ചുപുലർത്തും. ഇതിനെ കോഗ്നിറ്റീവ് ട്രയാഡ് (cognitive triad) എന്നു പറയും. ഇത്തരം ചിന്തകൾ വ്യക്തിയെ നശിപ്പിക്കും. കൂടാതെ എന്തോ വിപത്ത് വരാൻ പോകുന്നു, നിങ്ങൾ കുഴപ്പക്കാരനാണ്, ഞാൻ കുഴപ്പക്കാരിയാണ് തുടങ്ങി നിരവധി ചിന്തകൾ അനുദിനം വേട്ടയാടിക്കൊണ്ടിരുന്ന് അസ്വസ്തകൾ സൃഷ്ടിക്കും. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി വഴി തെറ്റിദ്ധാരണകൾ തിരുത്തി മാനസിക സമനിലയിലേയ്ക്ക് ട്രീസ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നു.

# സ്പിരിറ്റ് ഇൻ ജീസസ്

## കെസിബിസിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കഴിഞ്ഞ ലക്കം തുടർച്ച...

സീറോ മലബാർ സഭയുടെ മെത്രാൻ സമിതി ആദ്യമായി സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവുമായി ഒരു അനുന യ ചർച്ചയിൽ ഏർപ്പെടാൻ ശ്രമിച്ചു. പക്ഷേ വേണ്ട ഫലം കണ്ടില്ല. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ പല രൂപതകളിലേക്കും അവരുടെ പ്രവർത്തനം വ്യാപിച്ചപ്പോൾ കെസിബിസി അതിന്റെ ദൈവശാസ്ത്ര കമ്മീഷനെ സ്പിരിറ്റ് ഇൻ ജീസസ് നേതാക്കളുമായി സംഭാഷണത്തിൽ ഏർപ്പെടാൻ നിയോഗിച്ചു. ദൈവശാസ്ത്ര കമ്മീഷനും സ്പിരിറ്റ് ഇൻ ജീസസ് നേതൃത്വവും തമ്മിൽ നടത്തിയ ഡയലോഗുകളിൽ ഉണ്ടായ ധാരണയനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും പരിശോധിക്കാനും പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും ഒരു വൈദികനെ നിരീക്ഷകനായി നിയമിച്ചു. കൂടാതെ ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നവർക്കു വേണ്ടി തിയോളജി കമ്മീഷനംഗങ്ങൾ സെമിനാർ നടത്തിയെങ്കിലും അവർക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുകയോ അതിനനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ അദ്ധ്യയനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തില്ല. ഇതിന്റെയടിസ്ഥാനത്തിൽ സ്പിരിറ്റ് ഇൻ ജീസസിനോട് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പാക്കാത്തതിനെക്കുറിച്ചും അവരുടെ പ്രബോധനങ്ങളിലെ ദൈവശാസ്ത്രപ്രശ്നങ്ങളെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 2015 ഏപ്രിൽ 23-ന് കെ.സി.ബി.സി ദൈവശാസ്ത്ര കമ്മീഷൻ നൽകിയ കത്തിന് മറുപടി നൽകുകയോ, ക്രിയാത്മകമായി കമ്മീഷനോട് സഹകരിക്കുകയോ ചെയ്തില്ല. മാത്രവുമല്ല, പ്രസ്തുത ചർച്ചകളുടെ മറവിൽ തെറ്റിദ്ധാരണ വളർത്താനാണ് ഇതിന്റെ നേതാക്കൾ താത്പര്യപ്പെട്ടത്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാ നം തിരുസഭയുമായി അനുരഞ്ജനപ്പെട്ടു; എല്ലാ അഭിപ്രായ വ്യത്യാസങ്ങളും അവസാനിപ്പിച്ച് തിരുസ്സഭ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെ അംഗീകരിച്ചു; തുടങ്ങിയ പ്രസ്താവനകളിലൂടെ സാധാ രണ വിശ്വാസികളുടെയിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി മനസ്സിലാക്കുന്നു. ഇതെല്ലാം സഭാനേതൃത്വത്തോടും പ്രബോധനങ്ങളോടും ചേർന്ന് പോകാനുള്ള അവരുടെ വിമുഖത വ്യക്തമാക്കുന്നുണ്ട്.

### 10. വിശ്വാസികൾക്ക് കെ.സി.ബി.സി.യുടെ മുന്നറിയിപ്പ്

മേൽപറഞ്ഞ കാരണങ്ങളാൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെ ക്കുറിച്ച് വ്യക്തമായൊരു നിലപാട് സ്വീകരിക്കാൻ തിരുസ്സഭ നിർബന്ധിതമാ യിരിക്കുകയാണ്. **സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം അതിന്റെ നിലവിലുള്ള രൂപത്തിൽ കത്തോലിക്കാ വിശ്വാസവുമായി ഒത്തുപോകുന്നതല്ല. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ കത്തോലിക്കാ സഭയിലെ എല്ലാ പ്രവർത്തനങ്ങളും ഇതിനാൽ നിരോധിക്കുന്നു. ഈ പ്രസ്ഥാനവുമായി ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്നത് സത്യവിശ്വാസത്തിന് വിരുദ്ധമാണെന്ന് എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു തുടർന്നു പ്രവർത്തി ക്കുന്നവരുണ്ടെങ്കിൽ അവർക്കെതിരേ സഭാപരമായ ശിക്ഷണനടപടികൾ ബന്ധപ്പെട്ട രൂപതാകോടതികൾ സ്വീകരിക്കുന്നതാണ്. സത്യവിശ്വാസം സംരക്ഷിക്കാൻ സഭയൊന്നാകെ സംഘാതമായി പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ആരും വിസ്മരിക്കരുത്.**

### ഉപസംഹാരം

വഴിതെറ്റിപോകുന്നവരോട് കരുണ കാണിക്കാൻ സഭയ്ക്ക് കടമയുണ്ട്. സഭാഗാത്രത്തിൽ നിന്ന് ഒരു വ്യക്തിയെങ്കിലും നഷ്ടപ്പെടുന്നത് വേദനാജനകമാണ്. എങ്കിലും സത്യവിശ്വാസം (Orthodoxy) കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമാണെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. വിശ്വാസമില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല (ഹെബ്രാ 13:6). സഭാംഗങ്ങളിൽ ആരെങ്കിലും മേല്പറഞ്ഞ വിശ്വാസ വ്യതിചലനത്തിന് വിധേയരായിട്ടുണ്ടെങ്കിൽ തെറ്റുതിരുത്തി സത്യവിശ്വാസത്തിലേക്കു തിരികെ വരണമെന്നും സഭാമക്കളെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോധനങ്ങളിൽ വീണുപോകാതിരിക്കാൻ വിശ്വാസികളേവരും ആത്മീയമായ ജാഗ്രത പുലർത്തണമെന്നും അഭ്യർത്ഥിക്കുന്നതോടൊപ്പം സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നൽകിയിരിക്കുന്ന ഈ പ്രബോധനങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസപരിപോഷണത്തിനു കാരണമാകട്ടെ എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ദൈവികകാരുണ്യത്തിന് സമർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ,** പ്രസിഡന്റ്,
കെസിബിസി

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം,** വൈസ് പ്രസിഡന്റ്,
കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ,**
സെക്രട്ടറി ജനറൽ, കെസിബിസി

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## 68 സാമൂഹ്യസമ്പർക്കങ്ങളെ സംബന്ധിക്കുന്ന ഡിക്രി

### പ്രാരംഭം

ദൈവാനുഗ്രഹത്താൽ ആധുനികകാലത്ത് മനുഷ്യബുദ്ധി പ്രകൃതിവസ്തുക്കളുടെ ഉപയോഗം വഴിയായി സാങ്കേതികരംഗത്ത് അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ ചിലത് മനുഷ്യമനസ്സിനെ പ്രത്യക്ഷമായി സ്പർശിക്കുകയും പലതരത്തിലുള്ള വാർത്തകളും അഭിപ്രായങ്ങളും പഠനങ്ങളും എളുപ്പത്തിൽ പ്രചരിപ്പിക്കാൻ പുതിയ പാതകൾ വെട്ടിത്തുറക്കുകയും ചെയ്തിരിക്കുന്നു. ഇവയെ സഭാമാതാവ് സന്തോഷപുരസ്സരം സ്വീകരിക്കുകയും താല്പര്യപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. ഈ കണ്ടുപിടുത്തങ്ങളിൽ ചിലതു വ്യക്തികളിലേയ്ക്കു മാത്രമല്ല മാനവസമുദായം മുഴുവനിലേയ്ക്കും ആഞ്ഞിറങ്ങി സ്വാധീനം ചെലുത്താൻ കഴിവുറ്റവയാണ്. പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ ആദിയായവ അവയുടെ സ്വഭാവത്താൽ തന്നെ പരമപ്രാധാന്യമർഹിക്കുന്നു. അതിനാൽ അവയെ ശരിയായ അർത്ഥത്തിൽ സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ എന്നു വിളിക്കാം.

**സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗവും പ്രാധാന്യവും**

ഈ മാധ്യമങ്ങളുടെ ശരിയായ ഉപയോഗം മാനവസമുദായത്തിനു വിലയേറിയ മുതൽക്കൂട്ടായിരിക്കുമെന്ന വസ്തുത സഭാമാതാവ് അംഗീകരിക്കുന്നു. കാരണം അവ മനുഷ്യന് വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യാൻ പര്യാപ്തങ്ങളാണ്. മാത്രമല്ല, ദൈവരാജ്യത്തിന്റെ പ്രചാരത്തിന് അവ വളരെയേറെ ഉപകരിക്കുകയും ചെയ്യും. എന്നാൽ മനുഷ്യനിവയെ പ്രപഞ്ചവിധാതാവിന്റെ ആസൂത്രണപരിപാടികൾക്ക് വിരുദ്ധമായ വിധത്തിലോ തങ്ങളുടെതന്നെ നാശത്തിനു വഴിതെളിക്കത്തക്ക രീതിയിലോ ഉപയോഗിക്കാമെന്നുള്ള പരമാർത്ഥവും സഭ നല്ലവണ്ണമറിയുന്നുണ്ട്. വാസ്തവത്തിൽ ഇവയുടെ ദുർവിനിയോഗംമൂലം മാനവസമുദായത്തിനു പലപ്പോഴും നേരിട്ടിട്ടുള്ള നാശങ്ങൾ ഓർത്ത് മാതൃസഹജമായ ദുഃഖത്തോടെ സഭ വിലപിക്കാതിരിക്കുന്നില്ല.

അതിനാൽ ഇത്ര ഗൗരവമുള്ള ഒരു സംഗതിയിൽ മാർപാപ്പായുടെയും മെത്രാന്മാരുടെയും ശ്രദ്ധാപൂർവ്വമായ നിർദ്ദേശമനുസരിച്ച് സാമൂഹ്യസമ്പർക്കമാധ്യമങ്ങളോടു ബന്ധപ്പെട്ട മൗലികപ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടത് ഈ പരിശുദ്ധ സൂനഹദോസിന്റെ കടമയാണെന്ന് ബോധ്യമായിരിക്കുന്നു. ഇതിനുപുറമെ ഇപ്രകാരം നിർദ്ദേശിക്കുന്ന നിബന്ധനകളും പഠനങ്ങളും ക്രിസ്തീയവിശ്വാസികളുടെ ക്ഷേമത്തിനുമാത്രമല്ല മാനവവംശം മുഴുവന്റേയും പുരോഗതിക്കുകൂടി ഉപകാരപ്രദമായിരിക്കുമെന്ന് ഈ സൂനഹദോസ് വിശ്വസിക്കുന്നു.



**സകല ജനങ്ങളും രക്ഷപ്രാപിക്കാൻ വേണ്ടിയാണ് ക്രിസ്തുനാഥൻ കത്തോലിക്കാസഭ സ്ഥാപിച്ചത്. അതുകൊണ്ട് അവൾ സുവിശേഷം അറിയിക്കാൻ ബാധ്യസ്ഥയാണ്. തന്നിമിത്തം സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ചും രക്ഷയുടെ സുവിശേഷം അറിയിക്കുകയും അങ്ങനെ അവയുടെ ശരിയായ ഉപയോഗത്തെപ്പറ്റി മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യേണ്ടതു തന്റെ കടമായായാണെന്ന് സഭ വിശ്വസിക്കുന്നു.**

### അദ്ധ്യായം 1

സകല ജനങ്ങളും രക്ഷപ്രാപിക്കാൻ വേണ്ടിയാണ് ക്രിസ്തുനാഥൻ കത്തോലിക്കാസഭ സ്ഥാപിച്ചത്. അതുകൊണ്ട് അവൾ സുവിശേഷം അറിയിക്കാൻ ബാധ്യസ്ഥയാണ്. തന്നിമിത്തം സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ചും രക്ഷയുടെ സുവിശേഷം അറിയിക്കുകയും അങ്ങനെ അവയുടെ ശരിയായ ഉപയോഗത്തെപ്പറ്റി മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യേണ്ടതു തന്റെ കടമായാണെന്ന് സഭ വിശ്വസിക്കുന്നു.

അതിനാൽ ക്രിസ്തീയതത്വങ്ങൾ പഠിപ്പിക്കാനും ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിക്കാനും മേൽപറഞ്ഞ മാധ്യമങ്ങൾ ആവശ്യകവും ഉപകാരപ്രദവും ആകുന്നിടത്തോളം മേൽപറഞ്ഞ മാധ്യമങ്ങൾ സഭയ്ക്ക് ഉണ്ടായിരിക്കുന്നതിനും ഉപയോഗിക്കുന്നതിനും ജന്മാവകാശമുണ്ട്. ഈ മാധ്യമങ്ങൾ മുഖേന വിശ്വാസികൾ തങ്ങളുടേയും മാനവകുടുംബം മുഴുവന്റേയും ആത്മരക്ഷയും പരിപൂർണ്ണതയും ത്വരിതപ്പെടുത്താൻ തക്കവിധം അവരെ അഭ്യസിപ്പിക്കാൻ അജപാലകർക്ക് കടമയുണ്ട്.

ഇതിനും പുറമെ ദൈവിക പദ്ധതികളും മനുഷ്യരാശിയുടെ പ്രതീക്ഷകളും പൂർത്തീകരിക്കാൻവേണ്ടി അല്മായർ ഈ മാധ്യമങ്ങളിൽ മാനുഷികവും ക്രിസ്തീയവുമായ ചൈതന്യം പകരാൻ സർവ്വാത്മനാ പരിശ്രമിക്കേണ്ടതാണ്.

(തുടരും)

# LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

**മധ്യസ്ഥപ്രാർത്ഥന എന്തിലടങ്ങിയിരിക്കുന്നു?**

മറ്റൊരാൾക്കുവേണ്ടി ചോദിക്കുന്നതിലാണ് മധ്യസ്ഥം അടങ്ങിയിരിക്കുന്നത്. എല്ലാ മനുഷ്യർക്കുംവേണ്ടി സവിശേഷമായി പാപികൾക്കുവേണ്ടി പിതാവിന്റെ പക്കൽ മാധ്യസ്ഥം വഹിക്കുന്ന യേശുവിന്റെ പ്രാർത്ഥനയോട് അത് നമ്മെ അനുരൂപപ്പെടുത്തുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു. മധ്യസ്ഥപ്രാർത്ഥന ശത്രുക്കൾക്കുവേണ്ടിയും നടത്തണം.

**എപ്പോഴാണ് ഒരുവൻ ദൈവത്തോട് നന്ദിയർപ്പിക്കേണ്ടത്?**

സഭ ദൈവത്തിന് നിരന്തരമായി നന്ദിയർപ്പിക്കുന്നു. സർവ്വോപരി വിശുദ്ധ കുർബാനയർപ്പിച്ചുകൊണ്ട് പിതാവിനുള്ള തന്റെ നന്ദിപ്രകാശനത്തിൽ പങ്കുചേരുവാൻ ക്രിസ്തു സഭയെ അനുവദിക്കുന്നു. ഓരോ സംഭവവും ക്രിസ്ത്യാനിക്ക് നന്ദി പ്രകാശിപ്പിക്കാനുള്ള കാരണമാകുന്നുണ്ട്.

**സ്തുതിയുടെ പ്രാർത്ഥന എന്താകുന്നു?**

ദൈവം ദൈവമാണെന്ന് കൂടുതൽ അടുത്ത് അംഗീകരിക്കുന്ന പ്രാർത്ഥനയുടെ ഒരു രൂപമാകുന്നു, സ്തുതി. അതിൽ ഒട്ടും സ്വാർത്ഥതയില്ല. ദൈവത്തെ അവിടുത്തേയ്ക്കുവേണ്ടിത്തന്നെ പാടിസ്തുതിക്കുന്നു. അവിടുന്ന് ആയിരിക്കുന്നതിന് അവിടുത്തേയ്ക്ക് മഹത്വം നല്കുന്നു.

## അദ്ധ്യായം രണ്ട്
# പ്രാർത്ഥനയുടെ പാരമ്പര്യം

**പ്രാർത്ഥനയോടുള്ള ബന്ധത്തിൽ പാരമ്പര്യത്തിന്റെ പ്രാധാന്യം എന്താണ്?**

ജീവിക്കുന്ന പാരമ്പര്യത്തിലൂടെയാണ് സഭയിൽ പരിശുദ്ധാത്മാവ് ദൈവത്തിന്റെ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നത്. ഒരാന്തരിക പ്രചോദനത്തിന്റെ നൈസർഗിക പ്രകാശനത്തിലേയ്ക്ക് സത്യത്തിൽ പ്രാർത്ഥനയെ ചുരുക്കാനാവില്ല. മറിച്ച്, പഠനവും നിദിധ്യാസനവും ഒരുവന് അനുഭവപ്പെടുന്ന ആത്മീയ യാഥാർത്ഥ്യങ്ങളുടെ മനസിലാക്കലും അത് ഉൾക്കൊള്ളുന്നുണ്ട്.

**ക്രൈസ്തവ പ്രാർത്ഥനയുടെ ഉറവിടങ്ങൾ ഏവയാണ്?**

ക്രിസ്തുവിന്റെ "അത്യുൽകൃഷ്ഠജ്ഞാനം" (ഫിലി.3:8) നമുക്ക് നൽകുന്ന ദൈവത്തിന്റെ വചനവും രക്ഷയുടെ രഹസ്യം പ്രഖ്യാപിക്കുകയും യാഥാർത്ഥ്യമാക്കുകയും നൽകുകയും ചെയ്യുന്ന ആരാധനക്രമവും ദൈവിക പുണ്യങ്ങളും നമുക്ക് ദൈവത്തെ കണ്ടെത്താൻ കഴിയുന്ന ദൈനംദിന സാഹചര്യങ്ങളും ആണവ.

**പ്രാർത്ഥനയുടെ വ്യത്യസ്ഥ മാർഗ്ഗങ്ങൾ സഭയിൽ ഉണ്ടോ?**

ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ വിവിധ സാഹചര്യങ്ങളോട് ബന്ധപ്പെട്ട് സഭയിൽ പ്രാർത്ഥനയുടെ വ്യത്യസ്ഥ മാർഗ്ഗങ്ങൾ ഉണ്ട്. അപ്പസ്തോലിക വിശ്വാസത്തിന്റെ പാരമ്പര്യത്തോടുള്ള അവയുടെ വിശ്വസ്തത വിവേചിക്കുയെന്നത് സഭയുടെ പ്രബോധനാധികാരത്തിന്റെ കടമയാണ്. എപ്പോഴും യേശുക്രിസ്തുവിനോട് ബന്ധപ്പെടുത്തി അവയുടെ അർത്ഥം വിശദീകരിക്കേണ്ടത് അജപാലകരും മതാധ്യാപകരുമാണ്.

**നമ്മുടെ പ്രാർത്ഥനയുടെ വഴി ഏതാണ്?**

നമ്മുടെ പ്രാർത്ഥനയുടെ വഴി ക്രിസ്തുവാണ്. എന്തെന്നാൽ ആ വഴി നമ്മുടെ പിതാവായ ദൈവത്തിലേയ്ക്ക് നയിക്കുന്നതാണ്. അവിടുന്നിൽ നാം എത്തിച്ചേരുന്നത് യേശുവിന്റെ നാമത്തിൽ, ചുരുങ്ങിയ പക്ഷം പരോക്ഷമായെങ്കിലും പ്രാർത്ഥിക്കുമ്പോൾ മാത്രമാണ്. ഫലത്തിൽ അവിടുത്തെ മനുഷ്യത്വമാണ് ഏകവഴി. അതിലൂടെ നമ്മുടെ പിതാവിനോട് പ്രാർത്ഥിക്കാൻ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു. അതിനാലാണ് ലിറ്റർജിക്കൽ പ്രാർത്ഥനകൾ "നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി" എന്ന ഫോർമുലകൊണ്ട് അവസാനിക്കുന്നത്.

**പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിന്റെ പങ്ക് എന്താണ്?**

ക്രൈസ്തവപ്രാർത്ഥനയുടെ ആന്തരികഗുരു പരിശുദ്ധാത്മാവാകയാലും "പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നമുക്ക് അറിഞ്ഞുകൂടാത്തതിനാലും"(റോമ.8:26)സഭ എല്ലാ അവസരങ്ങളിലും പരിശുദ്ധാത്മാവിനെ വിളിക്കാനും അപേക്ഷിക്കാനും നമ്മെ ഉപദേശിക്കുന്നു: "പരിശുദ്ധാത്മാവേ, വന്നാലും".

**എന്തിലാണ് ക്രൈസ്തവ പ്രാർത്ഥന 'മരിയൻ' ആയിരിക്കുന്നത്?**

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള മറിയത്തിന്റെ അസാധാരണമായ സഹകരണം കൊണ്ട്, "പൂർണ്ണമായി പ്രാർത്ഥിക്കുന്നവളായ" മറിയത്തോടു പ്രാർത്ഥിക്കാനും മറിയത്തോടുകൂടെ പ്രാർത്ഥിക്കാനും സഭ ഇഷ്ടപ്പെടുന്നു. അതാകട്ടെ, അവളോടുകൂടെ കർത്താവിനെ മഹത്വപ്പെടുത്താനും വിളിച്ചപേക്ഷിക്കാനുമാണ്. മറിയം സത്യത്തിൽ നമുക്ക് തന്റെ പുത്രനും ഏകമധ്യസ്ഥനുമായ 'വഴി' കാണിച്ചുതരുന്നു.

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only